# കേരളസർവകലാശാല

നം.പി.ആർ.260/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്ക് ഡിസംബർ 15 വരെ അപേക്ഷ സമർപ്പിക്കാം

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2021-22 അദ്ധ്യയന വർഷത്തേയ്ക്ക് നടത്തുന്ന ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകളിലേയ്ക്ക് ഓൺലൈനായി ഡിസംബർ 15 വരെ അപേക്ഷിക്കാം. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ഇക്കണോമിക്സ്, ലൈബ്രറി സയൻസ്, ബി.ബി.എ, കോമേഴ്സ് എന്നീ ബിരുദ കോഴ്സുകൾക്കും ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ഇക്കണോമിക്സ്, ലൈബ്രറി സയൻസ്, കോമേഴ്സ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കംപ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാനന്തരബിരുദ കോഴ്സുകൾക്കുമാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഏപ്രിൽ മാസം നടത്തിയ നാലാം സെമസ്റ്റർ എം.പ്ലാനിംഗ് സപ്ലിമെന്ററി (ആർക്കിടെക്ചർ- ഹൗസിംഗ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ വിവരം വെബ്സൈറ്റിൽ.

### പ്രോജക്ട്/ വൈവാ/ പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ എട്ടും, ആറും സെമസ്റ്റർ ബി.കോം ഹിയറിംഗ് ഇംപയേർഡ് പരീക്ഷകളുടെ പ്രോജക്ട്/വൈവാ, പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം 2021 ഡിസംബർ 20, 21 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഡിസംബർ 20ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ മ്യൂസിക് (എഫ്.ഡി.പി- റെഗുലർ -2020 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ/ എം.എസ്.സി/ എം. കോം ( 2018 അഡ്മിഷൻ - റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി - എസ്.ഡി.ഇ) പരീക്ഷകൾ കോവിഡ് മൂലം എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്കായി നടത്തുന്ന സ്പെഷ്യൽ പരീക്ഷ 2021 ഡിസംബർ 17 ന് ആരംഭിക്കുന്നതാണ് . പരീക്ഷാ സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ. വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മുതൽ 5 മണി വരെ. സ്പെഷ്യൽ പരീക്ഷ എഴുതാൻ അർഹരായ എല്ലാ വിദ്യാർഥികളും കാര്യവട്ടം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2021 ഡിസംബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ (2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 – 2018 അഡ്മിഷൻ – സപ്ലിമെന്ററി), നാലാം സെമസ്റ്റർ (2019 അഡ്മിഷൻ – റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2014 – 2017 അഡ്മിഷൻ – സപ്ലിമെന്ററി), ആറാം സെമസ്റ്റർ (2018 അഡ്മിഷൻ – റെഗുലർ, 2017 അഡ്മിഷൻ – സപ്ലിമെന്ററി, 2011 സ്കീം (2011 അഡ്മിഷൻ മേഴ്സിചാൻസ്), എട്ടാം സെമസ്റ്റർ (2017 അഡ്മിഷൻ – റെഗുലർ, 2014 സ്കീം – സപ്ലിമെന്ററി) ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ഡിപ്ലോമ ഇൻ കമ്യൂണിക്കേറ്റീവ് അറബിക്: അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല അറബി വിഭാഗം നടത്തിവരുന്ന ഡിപ്ലോമ ഇൻ കമ്യൂണിക്കേറ്റീവ് അറബിക് നാലാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ ആയിട്ടാണ് കോഴ്സ് നടക്കുന്നത്. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, അറബിക് പ്രിലിമിനറി, അറബിക് മുൻഷി എക്സാമിനേഷൻ, അറബിക് ടീച്ചേഴ്സ് എക്സാമിനേഷൻ (ന്യൂ സ്കീം), ഏതെങ്കിലും ഡിഗ്രി (അറബിക് സെക്കന്റ് ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം / ഫാളിൽ), സീറ്റുകൾ: 15. അപേക്ഷ ഫോമുകളും വിശദ വിവരങ്ങളും: കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിലും അറബിക് വിഭാഗത്തിന്റെ വെബ്സൈറ്റിലും (www.arabicku.in) ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 24, ഫോൺ: 0471 2308846, 9562722485

## അൽ ഇദ് റാക് ദേശീയ അറബിക് ക്വിസ് മത്സരം

അന്താരാഷ്ട്ര അറബി ദിനാചരണത്തോടനുബന്ധിച്ച് കേരളസർവകലാശാല അറബി വിഭാഗം ദേശീയ അറബിക് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഏതെങ്കിലും സർവകലാശാലകളിൽ ബിരുദ/ ബിരുദാനന്തര പഠനം നടത്തിക്കൊണ്ടിരിക്കുന്ന ആർട്സ് & സയൻസ് കോളേജ്/ അറബി കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം . ഒരു സ്ഥാപനത്തെ പ്രതിനിധീകരിച്ച് രണ്ടു പേർ അടങ്ങുന്ന ടീം ആയാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഡിസംബർ 18 ശനി രാവിലെ 10 മണിക്ക് കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാംപസിൽ വെച്ചാണ് മത്സരം നടക്കുന്നത്. വിജയികൾക്ക് 5000 രൂപ ക്യാഷ് പ്രൈസും രണ്ടാം സ്ഥാനക്കാർക്ക് 2500 രൂപ ക്യാഷ് പ്രൈസും ലഭിക്കും. അറബി : ഭാഷ, സാഹിത്യം, ചരിത്രം എന്നിവയിൽ അധിഷ്ഠിതമായി നടക്കുന്ന മത്സരത്തിൽ പങ്കുടുക്കാൻ താൽപര്യമുള്ളവർ 9747318105 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം,
14.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**